DB1

Special Messenger

1/5542493/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്

നമ്പർ.MW2/173/2022-GAD

20-12-2022,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

Office of the Chief Engineer, LSGD, Thiruvananthapuram 21/12/22

1. ഡയറക്ടർ,
ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്,
മെഡിക്കൽ കോളേജ്, കമാരപുരം റോഡ്,
ചാലക്കുഴി,തിരുവനന്തപുരം -695001

2. ഡയറക്ടർ,
ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസ്
,ജനറൽ ആശുപത്രി ജംഗ്ഷൻ,
തിരുവനന്തപുരം - 695035

3.ഡയറക്ടർ,
ഗവ. ഹോമിയോപതിക് ഡയറക്ടറേറ്റ്,
പഴവങ്ങാടി സ്ട്രീറ്റ്,
പത്മനഗർ,പഴവങ്ങാടി,
തിരുവനന്തപുരം-695023

4.ഡയറക്ടർ,
ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ,
ആരോഗ്യഭവൻ,
പി.ബി.നമ്പർ 182,
തിരുവനന്തപുരം -695001.

5.ഡയറക്ടർ,
റീജിയണൽ കാൻസർ സെന്റർ,
മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം

6. ചീഫ് എഞ്ചിനീയർ,
തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനിയറിംഗ് വിഭാഗം,
അഞ്ചാം നില, സ്വരാജ്ഭവൻ,
നന്തൻകോട്,കവടിയാർ പി.ഒ.,



Generated from eOffice by SUNIL KUMAR N, DB1 LIDEW, DB1 LIDEW, LIDEW on 04/03/2023 02:42 PM

തിരുവനന്തപുരം.

**7.ചീഫ്എഞ്ചിനീയർ,**
പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ്, പാളയം
തിരുവനന്തപുരം - 695033.

**8.പഞ്ചായത്ത് ഡയറക്ടർ,**
സ്വരാജ് ഭവൻ, ഗ്രൗണ്ട് ഫ്ലോർ.നന്ദൻകോട്,
കവടിയാർ പി.ഒ., തിരുവനന്തപുരം - 695003.

**9. നഗരകാര്യ ഡയറക്ടർ,**
സ്വരാജ് ഭവൻ, നന്തൻകോട്,കവടിയാർ (പി.ഒ.),
തിരുവനന്തപുരം - 695003

**10.ഗ്രാമവികസന കമ്മീഷണർ,**
ഗ്രാമവികസന കമ്മീഷണറേറ്റ്,
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ (പി.ഒ.),
തിരുവനന്തപുരം - 695003.

**11.പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
വഴുതയ്ക്കാട് - പൂജപ്പുര റോഡ്, ഡി.പി.ഐ.,
ജഗതി, തിരുവനന്തപുരം - 695014.

**12.ഡയറക്ടർ,**
വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം - 695012.

**13.രജിസ്ട്രാർ,**
കുസാറ്റ്, യൂണിവേഴ്സിറ്റി റോഡ്,സൗത്ത് കളമശ്ശേരി,
കൊച്ചി - 682022

**14.ഡയറക്ടർ,**
ഐ.എച്ച്.ആർ.ഡി., എൻ.എച്ച്. ബൈപാസ് ജംഗ്ഷൻ,
ചാക്ക, തിരുവനന്തപുരം - 695024.

**15.ഡയറക്ടർ,**
സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
പത്മവിലാസം റോഡ്, ഫോർട്ട് പി.ഒ.,



Generated from eOffice by SUNIL KUMAR N, DB1 LIDEW, DB1 LIDEW, LIDEW on 04/03/2023 02:42 PM

പഴവങ്ങാടി,തിരുവനന്തപുരം - 695023.

16.ഡയറക്ടർ,
വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
ബസ് ഡിപ്പോ, അഞ്ചാം നില, ലേബർ കോംപ്ലക്സ്, പി.എം.ജി. ജംഗ്ഷൻ,
കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന് എതിർവശം,
തിരുവനന്തപുരം - 695033.

സർ,

വിഷയം:- ന്യൂനപക്ഷക്ഷേമ വകുപ്പ്- പ്രധാൻ മന്ത്രി ജൻവികാസ് കാര്യക്രം (PMJVK) കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ കേന്ദ്ര സഹായത്തിനായി സമർപ്പിക്കുന്ന സംസ്ഥാന സർക്കാരിന്റെ 2022-23-വർഷത്തേയ്ക്കുള്ള പ്രൊപ്പോസലിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകളുടെ വകുപ്പ് തല സ്ക്രീനിങ്ങും പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കലും - സംബന്ധിച്ച്.

സൂചന:- ന്യൂനപക്ഷ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ മേൽ വിഷയത്തിൽ 16/12/2022-ൽ നടന്ന മീറ്റിംഗ്.

മേൽ വിഷയത്തിലേക്കും സൂചനയിലെ മീറ്റിംഗിലേക്കും സദയം ശ്രദ്ധക്ഷണിക്കുന്നു. പ്രധാൻ മന്ത്രി ജൻവികാസ് കാര്യക്രം (PMJVK) കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ കേന്ദ്രസഹായത്തിനായി സമർപ്പിക്കുന്ന പ്രോജക്ടുകൾ താഴെപറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് തയ്യാറാക്കിയതും ബന്ധപ്പെട്ട വകുപ്പിന്റെ അംഗീകാരമുണ്ടായിരിക്കേണ്ടതും ശുപാർശ ചെയ്യുന്ന പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിച്ചുനൽകേണ്ടതുമാണ്. എന്നാൽ 2022-23 വർഷം കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനായി ന്യൂനപക്ഷക്ഷേമ വകുപ്പിന് ലഭിച്ചിരിക്കുന്ന പ്രോജക്ടുകൾ ഈ നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടില്ലാത്തതും ബന്ധപ്പെട്ട വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതുമായി കാണുന്നു. ഈ സാഹചര്യത്തിൽ, ഉള്ളടക്കം ചെയ്തിരിക്കുന്ന പട്ടികയിലെ പ്രോജെക്ടുകൾ ചുവടെ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകളുടെ വെളിച്ചത്തിൽ സൂക്ഷ്മ പരിശോധന നടത്തി പൂർണ്ണമായതും തൃപ്തികരമായതും വകുപ്പിന്റെ വികസന ലക്ഷ്യങ്ങൾക്ക് അനുസൃതമായതുമായ പ്രോജെക്ടുകൾ വകുപ്പുതല ശുപാർശയോടെയും,ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ ശുപാർശയോടെയും **31/12/2022-ന് മുൻപായി ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ ലഭ്യമാക്കാൻ അഭ്യർത്ഥിക്കുന്നു.** നിശ്ചിത തീയ്യതിക്കകം ബന്ധപ്പെട്ട വകുപ്പിന്റെ ശുപാർശ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ ലഭ്യമാക്കിയില്ലായെങ്കിൽ ആ പ്രോജക്ടുകളെ ഒഴിവാക്കിക്കൊണ്ട് 2022-23 ലെ സംസ്ഥാന സർക്കാരിന്റെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

<u>പ്രൊജക്ട് റിപ്പോർട്ടുകൾ പാലിച്ചിരിക്കേണ്ട നിബന്ധനകളും</u>
<u>വിശദീകരിച്ചിരിക്കേണ്ട കാര്യങ്ങളും</u>

1. എസ്റ്റിമേറ്റുകൾ PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയതായിരിക്കണം, പ്രൊജക്ട് ലേഔട്ട്, നിർവ്വഹണഘട്ടങ്ങളുടെയും സമയക്രമത്തിൻറെയും വിവരങ്ങൾ ഉൾക്കൊള്ളിക്കണം.



Generated from eOffice by SUNIL KUMAR N, DB1 LIDEW, DB1 LIDEW, LIDEW on 04/03/2023 02:42 PM

2. പ്രൊജക്റ്റ് കോസ്റ്റ് പത്തുകോടിവരെ വരുന്ന പ്രൊജെക്ടുകൾക്ക് Preliminary Project Report- ഉം അതിനുമുകളിൽ വരുന്ന പ്രൊജെക്ടുകൾക്ക് Detailed Project Report ഉം അനിവാര്യമാണ്.

3. പ്രോജക്ടിന്റെ നീതീകരണം, Baseline Survey-യിലെ കണ്ടെത്തലുകൾ, പ്രോജക്ടിന്റെ പ്രയോജനം, പദ്ധതി പ്രദേശത്തെ ന്യൂനപക്ഷ വിഭാഗത്തിൽപെട്ട ഗുണഭോക്താക്കളുടെ എണ്ണം എന്നീ വിവരങ്ങൾ ആവശ്യമാണ്.

4. പ്രൊജക്റ്റ് നടപ്പിലാക്കാൻ തടസ്സങ്ങളില്ലാത്ത ഭൂമിയുടെ ലഭ്യത, പ്രൊജക്റ്റ് പൂർത്തിയാകുമ്പോൾ അത് ഏറ്റെടുക്കുന്നതിനും ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ ആവർത്തന ചെലവുകൾ വഹിക്കാനുള്ള വകുപ്പിന്റെ സന്നദ്ധത വ്യക്തമാക്കിയിരിക്കണം.

5. ശാരീരിക വെല്ലുവിളിനേരിടുന്നവർക്ക് അനുയോജ്യമായ പ്രവേശന സൗകര്യം ഉറപ്പുവരുത്തണം.

6. പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ, മഴവെള്ള സംരക്ഷണ ടാങ്ക് എന്നിവ ആവശ്യമാണ് .

7. PERT, CPM സങ്കേതങ്ങൾ ഉപയോഗിച്ച് പ്രൊജക്റ്റ് വിലയിരുത്തലും അവലോകനവും നടത്തുക

8. പ്രൊജക്റ്റ് ലക്ഷ്യം വെയ്ക്കുന്ന ഗുണഭോക്താക്കളിൽ പദ്ധതിയുടെ ഗുണഫലങ്ങൾ അറിയിക്കുന്നതിനുള്ള ശ്രമങ്ങൾ വിശദീകരിക്കുക.

9. പ്രൊജെക്ടുകൾ സൂക്ഷ്മ പരിശോധന നടത്തി മുൻഗണനാക്രമം നിശ്ചയിച്ച് ആവശ്യമായ ക്ലിയറൻസുകളോടെ, കേന്ദ്ര സർക്കാരിന്റെ മറ്റ് പദ്ധതികളിൽ പ്രസ്തുത പ്രോജക്ടുകൾ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തിയശേഷം വകുപ്പുതല ശുപാർശയോടെ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ ശുപാർശയ്ക്ക് സമർപ്പിക്കേണ്ടതാണ് .

വിശ്വസ്തതയോടെ,
ജയശ്രീ എൽ
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

**Signed by Sanu Kumar S**
**Date: 20-12-2022 14:50:51**
സെക്ഷൻ ഓഫീസർ.

Hob wise Details Send Kis gmail.



Generated from eOffice by SUNIL KUMAR N, DB1 LIDEW, DB1 LIDEW, LIDEW on 04/03/2023 02:42 PM